"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - സംസ്ഥാനത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിനായി വകയിരുത്തിയിട്ടുള്ള പദ്ധതിയേതര വിഹിതത്തിൽ (നോൺ പ്ലാൻ) നിന്നും മൂന്നാം ഗഡു ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.54/2024/SJD തീയതി,തിരുവനന്തപുരം, 22-03-2024

---

പരാമർശം:-

1. 23-05-2023-ലെ സ.ഉ (സാധാ) നമ്പർ. 115/2023/സാ.നീ.വ സർക്കാർ ഉത്തരവ്
2. 08-09-2023-ലെ സ.ഉ (സാധാ) നമ്പർ 193/2023/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ്
3. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപറേഷൻ മാനേജിംഗ് ഡയറക്ടറുടെ 28-12-2023-ലെ കെ.എസ്.എച്ച്.പി.ഡബ്ല്യു.സി/573/2022-എ5 നമ്പർ കത്ത്

**ഉത്തരവ്**

2023-2024 സാമ്പത്തിക വർഷം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ലിമിറ്റഡിന് 2235-02-190-98-നോൺ പ്ലാൻ എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി 35,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം പ്രസ്തുത ശീർഷകത്തിൽ നിന്ന് ആദ്യ ഗഡുവായി 7,00,000/- രൂപയും, രണ്ടാം ഗഡുവായി 6,00,000/- രൂപയും അനുവദിച്ച് കൊണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ശീർഷകത്തിൽ നീക്കിയിരിപ്പുള്ള തുകയായ 22,00,000/- രൂപ കൂടി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം 3-പ്രകാരം കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ലിമിറ്റഡിന് 2235-02-190-98-നോൺ പ്ലാൻ എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള 35,00,000/- രൂപയിൽ നീക്കിയിരുപ്പുള്ള തുകയിൽ നിന്നും 9,00,000/- രൂപ (ഒമ്പത് ലക്ഷം രൂപ മാത്രം) മൂന്നാം ഗഡു ധനസഹായമായി പ്രസ്തുത കോർപ്പറേഷന് താഴെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) 16/04/2018-ലെ സ.ഉ(പി)62/18 ധനയിലെ വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക ട്രഷറിയിലെ STSB അക്കൗണ്ടിൽ (non interest bearing ) മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

2) 9/12/08-ലെ സർക്കുലർ നം.84/08/ധന- ലെയും 30/01/18-ലെ സർക്കുലർ നം.08/18/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09-01-2020-ലെ സ.ഉ(കൈ)നം.04/2020/ധന നമ്പർ പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധനവകുപ്പിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ, 11.09.2020-ലെ സ.ഉ (കൈ) നം.93/2020/ധന തീയതി പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയില്ലെന്ന സാക്ഷ്യപത്രം കൂടെ സമർപ്പിക്കേണ്ടതാണ്.

4) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ
കോർപ്പറേഷൻ, പൂജപ്പുര, തിരവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്),
കേരളം, തിരുവനന്തപുരം
ധനകാര്യ (പി.യു.സി) വകുപ്പ് (പ്രസ്തുത വകുപ്പിന്റെ 12.03.2024-ലെ 2429825/ പി.യു.സി 4/37/2023/ധന നമ്പർ കുറിപ്പ് പ്രകാരം)
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ,
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Vipin.s.d.
Date: 22-03-2024 11:19:39
സെക്ഷൻ ഓഫീസർ